തന്നെ സിവിൽ കേസുകളെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റു് വില്ലേജ് മുൻസിഫ് എന്ന നിലയിലുള്ള അധികാരം വില്ലേജ് ആഫീസറന്മാർ ഏറെറടുത്തു നടത്തണമെന്ന നിർദ്ദേശവും നൽകിക്കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : മലബാർ ഭാഗത്തു് രണ്ടുമൂന്നു കൊല്ലങ്ങളായി കേസുകൾ കെട്ടിക്കിടക്കുകയാണു്. ഈ കേസുകൾ വിചാരണ ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഞാൻതന്നെ പ്രസിഡൻറായിരിക്കുന്ന പഞ്ചായത്തിനു് ഇതുവരെ നിർദ്ദേശം കിട്ടിയിട്ടില്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ കേസുകൾ ഈ ഉത്തരവു പുറപ്പെടുവിച്ചശേഷവും കെട്ടിക്കിടക്കുന്നുണ്ടോയെന്നു പരിശോധിക്കാം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : കൽപ്പനയിൽ ഇപ്പോഴുള്ള കോടതികളിൽ എന്നാണു് പറഞ്ഞിട്ടുള്ളതു്. പഞ്ചായത്തുകോടതികളിൽ നിലവിലുള്ളതെന്നു പറഞ്ഞിട്ടില്ല. അതാണു കുഴപ്പം.

ശ്രീ. കെ. എ. ദാമോദരമേനോൻ : അതാണു് ഞാൻ പറഞ്ഞതു് പരിശോധിക്കാം എന്നു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു വില്ലേജ് ഉദ്യോഗസ്ഥന്മാർക്കു് അഥവാ അധികാരികൾക്കു് സിവിൽ കേസുകളെ സംബന്ധിച്ചിടത്തോളം അധികാരം കൊടുത്തു എന്നു്. ഇതു പഞ്ചായത്തു് ആക്ടിന്റെ തത്വത്തിനുതന്നെ എതിരാണു്. പഞ്ചായത്തു് ആക്ടു് നടപ്പിൽവരുന്ന സ്ഥലങ്ങളിൽ പഞ്ചായത്തു് രൂപീകരിക്കുന്ന കമ്മിറ്റിക്കാണു് ഈ അധികാരം എന്നുള്ളപ്പോൾ ഇങ്ങനെ വില്ലേജ് ഉദ്യോഗസ്ഥന്മാർക്കു് അധികാരം കൊടുത്തതു് ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഴയ കേസുകളെ സംബന്ധിച്ചാണു ഞാൻ പറഞ്ഞതു്. പുതിയ ആക്ടു് വന്നശേഷമുള്ള കാര്യങ്ങൾക്കു് റൂളുകൾ തയാറാക്കുകയാണു്.

അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ.

* 881. [23] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ * : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വിദ്യാഭ്യാസവർഷത്തിൽ എത്ര ഗവണ്മെൻറു് സ്കൂളുകൾ അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ബി) വൈക്കം താലൂക്കിൽ ഇപ്പോൾ എത്ര ഹൈസ്കൂളുകൾ ഉണ്ടു് ;

(സി) ഏതെല്ലാം ;

(ഡി) കണ്ണങ്കെട്ടുശ്ശേരി യു. പി. സ്കൂൾ വെച്ചൂർ ദേവീവിലാസം യു. പി. സ്കൂൾ എന്നിവയ്ക്കു് ഏറ്റവും അടുത്ത ഹൈസ്കൂളുകളുമായി എത്ര മൈൽ ദൂരം അകലമുണ്ടു് ;

(ഈ) പ്രസ്തുത യു. പി. സ്കൂളുകൾ രണ്ടും അടുത്ത വിദ്യാഭ്യാസവർഷത്തിൽത്തന്നെ അപ്പ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശമായി നടപടികളെടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ കാര്യം തീരുമാനിച്ചിട്ടില്ല.
(ബി) 16.
(സി) സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

---

* Put by Shri T. K. Ramakrishnan

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കണ്ണംകെട്ടിശ്ശേരി യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നതു് വൈക്കം ഗവണ്മെൻറു് ഹൈസ്കൂൾ, വൈക്കം, എസ്. എം. എസ്. എൻ. ഹൈസ്കൂൾ, വൈക്കം ലിറ്റിൽ തേരേസിയാസു് ഗേൾസു് ഹൈസ്കൂൾ എന്നിവയിൽനിന്നും ഏകദേശം രണ്ടര മൈൽ അകലെയാണു്. വെച്ചൂർ ദേവിവിലാസം യു. പി. സ്കൂൾ സ്ഥിതിചെയ്യുന്നതു് വെച്ചൂർ എൻ. എസ്. എസ്. ഹൈസ്കൂളിൽനിന്നും ഏകദേശം രണ്ടര മൈൽ അകലെയാണു്.

(ഈ) പരിഗണിക്കുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഗവണ്മെൻറു് സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുന്നതിനു് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറാണോ നടപടി എടുക്കുന്നതു് ; അതോ പ്രാദേശികമായി ജനങ്ങൾ പണം കെട്ടിവയ്ക്കുകയോ മറ്റൊ വേണോ?

ശ്രീ. ആർ. ശങ്കർ : സാധാരണയായി സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുന്നതിനും ആളുകൾ സംഘടിതമായി സ്പോൺസറിംഗു് കമ്മറ്റിയുണ്ടാക്കി ആവശ്യമാണെങ്കിൽ സ്ഥലം നൽകുകയൊ, കെട്ടിടം ഉണ്ടാക്കിക്കൊടുക്കുകയൊ, അല്ലെങ്കിൽ കെട്ടിടം കെട്ടുന്നതിനു് പണം കൊടുക്കാമെന്നു വാഗ്ദാനംചെയ്യുകയൊ ഒക്കെ ചെയ്യുന്ന പതിവുണ്ടു്. അങ്ങനെ ചെയ്യുന്ന സ്ഥലങ്ങൾക്കു് ഒരു പ്രത്യേക പരിഗണനയുമുണ്ടു്. ഇതൊന്നും ഇല്ലെങ്കിൽ തന്നെയും ഒരു സ്കൂൾ ഒരു സ്ഥലത്തു് അവശ്യം ഉണ്ടായേ തീരു എന്നു ഗവണ്മെൻറിനു ബോദ്ധ്യമായാൽ ഗവണ്മെൻറു തന്നെ അതിനുള്ള നടപടികൾ എടുക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കളമശ്ശേരിയിലുള്ള യു. പി. സ്കൂൾ ഇക്കൊല്ലംതന്നെ ഹൈസ്കൂൾ ആക്കുമോ?

ശ്രീ. ആർ. ശങ്കർ : പുതിയ സ്കൂളുകൾ അനുവദിക്കുന്ന കാര്യം വരുമ്പോൾ ഇക്കാര്യവും ആലോചിക്കുന്നതാണു്.

പയലറ്റു് പ്രോജക്ടുകൾ

* 882. [24] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരെ പുനരധിവസിപ്പിക്കാനുള്ള എത്ര പയലറ്റു പ്രോജക്ടുകൾ ഈ സ്റ്റേറ്റിൽ ആരംഭിച്ചിട്ടുണ്ടു് ; ഓരോന്നിൻറെയും പേരെന്തു് ;

(ബി) ഈ പ്രോജക്ടുകളിലോരോന്നിലും അവക്കു നൽകിയ ആനുകൂല്യങ്ങൾ ഏവ ;

(സി) ഈ പ്രോജക്ടുകൾ ആരംഭിച്ചതെന്നാണു് ;

(ഡി) ഓരോ പ്രോജക്ടിലും നടപ്പിലാക്കിയ പദ്ധതികൾ ഏവ : എല്ലാ പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞൊ ; ഇല്ലെങ്കിൽ അതിനുള്ള കാരണം മെന്തു് ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) നാലു പ്രോജക്ടുകൾ.

പൈലറ്റു് സ്കീം	ഇടമല
,,	ചമ്പക്കാടു്
,,	കുരിയാറ്റുകുടി
,,	മുക്കാളി

(ബി). വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) ഇടമല, ചമ്പക്കാടു്, കുരിയാറ്റുകുടി എന്നീ പദ്ധതികൾ 1957-58 സാമ്പത്തിക വർഷത്തിലും, മുക്കാളി 1959-60 സാമ്പത്തികവർഷത്തിലുമാണു് ആരംഭിച്ചതു്.

(ഡി) വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

† Appendix V

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please see answer to Starred question No.* 881 (23)]

Number of High Schools in Vaikom Taluk

1 Kulasekharamangalam High School
2 Namakuzhy High School
3 Peruva High School
4 Thalayolaparambu A. J. John Memorial High School
5 Vadayar H. S. S.
6 Vaikom High School for Boys
7 Vaikom High School for Girls
8 Brahmamangalam H. S.
9 Kaduthuruthy St. Micheal's High School
10 Kanjirathanam St. John's High School
11 Kattampack N. S. S. High School
12 Manjoor N. S. S. High School
13 Muttuchira St. Agnos High School
14 Vaikom S. M. S. N. High School
15 Vaikom Little Thresia's Girls High School
16 Vetchoor N. S. S. High School

LIBRARY ARCHIVES Kerala Legislative Assembly